## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3762 19.02.2013-ൽ മറുപടിയ്ക്ക്

## മിനി സ്റ്റേഡിയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എത്ര മിനി സ്റ്റേഡിയങ്ങൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ വിവിധോദ്ദേശ്യ കളിസ്ഥലങ്ങൾ നിർമ്മിക്കുന്ന ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ 39 സ്ഥാപനങ്ങളിൽ വിവിധോദ്ദേശ്യ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനായി 18.11.2012-ലെ സ.ഉ.(ആർ.റ്റി)നമ്പർ 253/12/കാ.യു.വ പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നിലവിലുള്ള കളിസ്ഥലങ്ങൾ ആധുനിക സിന്തറ്റിക് പ്രതലങ്ങൾ നിർമ്മിച്ച് വോളീബോൾ, ബാസ്ക്കറ്റ്ബോൾ, ടെന്നീസ് തുടങ്ങിയ കായികയിനങ്ങൾ പരിശീലിക്കുന്നതിനുതകുന്ന വിധം സ്ഥലലഭ്യത അനുസരിച്ച് ഗാലറിയോടുകൂടിയ ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. |
| (ബി) | നെന്മാറ മണ്ഡലത്തിലെ നെന്മാറ ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ ഒരു മിനി സ്റ്റേഡിയം നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | മിനി സ്റ്റേഡിയം അനുവദിക്കാൻ ആവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ ? | (സി) | എ-യിൽ സൂചിപ്പിച്ച വിവിധോദ്ദേശ്യ കളിസ്ഥലങ്ങൾ നിർമ്മിക്കുന്ന പദ്ധതിയിലേക്ക് അനുയോജ്യമായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനായി ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പ് മന്ത്രി ചെയർമാനായി ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമായ സ്ഥലലഭ്യത, സ്കൂളുകൾ/സ്ഥാപനങ്ങളുടെ കായിക പരമായ നേട്ടങ്ങൾ തുടങ്ങിയവയ്ക്ക് പുറമേ പ്രസ്തുത സ്ഥാപനം സ്ഥിതി ചെയ്യുന്ന് സ്ഥലത്തെ കായിക തൽപരരായ ജനങ്ങൾക്കു കൂടെ പ്രയോജനപ്രദമാകുമോ എന്നതും പരിശോധിച്ച് അനുയോജ്യമായ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ